ജപമാല ധ്യാനം
10/10/2019

"എന്റെ കണ്ണും വെട്ടത്തൂന്ന് പൊക്കോണം" എന്ന് അമ്മ പറഞ്ഞത് ചങ്കിൽ ചെന്ന് കൊണ്ടതു കൊണ്ടാകണം ആ ആറാം ക്ലാസുകാരൻ വീടുവിട്ട് ഇറങ്ങി പോയത്. കുഞ്ഞിനെ കാണാതായപ്പോ അമ്മ വ്യസനിക്കാൻ തുടങ്ങി, കുരുത്തക്കേടാണെങ്കിലും ആള് കൺമുമ്പിൽ തന്നെ ഉണ്ടായാൽ മതിയാരുന്നു. കുഞ്ഞ് ചെന്നു ചേർന്നത് എവിടെയായിരിക്കുമോ എന്തോ. കഴിച്ചിട്ടുണ്ടാവുമോ? ഉറങ്ങിയിട്ടുണ്ടാവുമോ.? ആരെങ്കിലും അവനെ ഉപദ്രവിക്കുമോ?

യേശു എന്ന ബാലനെ മാതാപിതാക്കളുടെ കൺമുമ്പിൽ നിന്ന് കാണാതായി. അവൻ എവിടെ ചെന്നു ചേർന്നിരിക്കാമെന്ന് അവർ ആകുലപ്പെട്ടു. കണ്ടെത്തുമ്പോൾ അവൻ ദേവാലയത്തിലുണ്ട്. ആത്മീയ കാര്യങ്ങളിലെ തർക്കവിതർക്കങ്ങളുമായി. ഇതാണ് സന്തോഷരഹസ്യങ്ങളിലെ അഞ്ചാം ധ്യാനം. കളഞ്ഞുപോയവനെ ദൈവത്തിന്റെ കരങ്ങളിൽ കണ്ടെത്തുന്നതിലും വലിയ സന്തോഷം എന്തുണ്ട്.!

സീൻ മറ്റൊന്ന്. ഏദൻ തോട്ടത്തിൽ ആദ്യ പുരുഷനും സ്ത്രീയും. ഇന്നലെ വരെ ദൈവത്തോടൊപ്പം ഈവനിങ്ങ് വാക്ക് നടത്തിയവരാണ്. ഇന്ന് വന്നപ്പോഴേക്കും കൺവെട്ടത്തു നിന്നും കാണാമറയത്തേക്ക് പതുങ്ങി. നോക്കണേ ഒറ്റ ദിവസം കൊണ്ടാണ് കാര്യങ്ങൾ കീഴ്മേൽ മറിയുന്നത്. ദൈവത്തിന്റെ കൂടെ നിന്നും കാട്ടുചെടികളുടെ മറവിലേക്ക്.

കൺമുമ്പിലായിരിക്കുക എന്നാൽ മറയ്ക്കാൻ ഒന്നുമില്ലാതിരിക്കുക എന്നു തന്നെ. അപരിചിത സങ്കേതങ്ങളുമായി ചങ്ങാത്തം തുടങ്ങുമ്പോഴാണല്ലോ അടച്ചിട്ട കതകുകൾക്ക് പുറകിലേക്ക് പതിഞ്ഞ ശബ്ദം വിളമ്പുന്ന ഫോണുകളുമായി മക്കളൊക്കെ പതുങ്ങുന്നത്. കിടപ്പുമുറിയിലെ അപരിചിത സാന്നിധ്യങ്ങൾ..! "സ്വഭാവത്താലേ അവർക്കറിയാത്തത് പിശാച് അവരെ പഠിപ്പിക്കുന്നുവെന്ന് " വി. ചാവറയച്ചൻ എഴുതുന്നു. 24 മണിക്കൂറും തുറന്നു വച്ച കണ്ണുകൾക്ക് മുമ്പിൽ നിന്നാണ് പല മാതാപിതാക്കൾക്കും മക്കളെ കാണാതെ പോയിട്ടുള്ളത്. കണ്ടെത്തുന്നത് പക്ഷെ, ദൈവസന്നിധിയിൽ നിന്നല്ല തന്നെ.

എന്നും തമ്പുരാന്റെ കണ്ണും വെട്ടത്ത് ആയിരിക്കാം. മറയ്ക്കാനൊന്നുമില്ലാത്തവന്റെ നിഷ്കളങ്കതയോടെ. നമ്മുടെ കൺവെട്ടത്തില്ലാത്ത പ്രിയപ്പെട്ടവരൊക്കെ തമ്പുരാന്റെ കണ്ണും വെട്ടത്തായിരിക്കണേ എന്നും പ്രാർത്ഥിക്കാം. ''വീട്ടിലേക്ക് ഒരു കണ്ണ് വേണേ'' എന്ന് അയൽപക്കത്തെ ചേടത്തിയെ പറഞ്ഞേൽപ്പിച്ചിട്ടാണ് പണ്ടുള്ളവരൊക്കെ യാത്ര പോയിരുന്നത്. അങ്ങിനെ തന്നെ പറയാൻ പറ്റിയ സങ്കേതമാണ് ദൈവം.

"എന്റെ കണ്ണ് അവരുടെ മേൽ ഉണ്ട് ''( സഖറിയ 9:8)

സ്നേഹപൂർവം
ജോയ് എം പ്ലാത്തറ